VII. നിയമനിർമ്മാണ കാര്യം

1. ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജറ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

Minister for Irrigation **(Shri. M. P. Gangadharan)**:— Sir, I introduce the Kerala Water and Waste Water Bill, 1984.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

Minister for Irrigation **(Shri. M. P. Gangadharan)**:— Sir, I move that the Kerala Water and Waste Water Bill, 1984 be referred to Subject Committe IX—Local Administration and Co-operation.

Minister for Revenue **(Shri. P. J. Joseph)** :— Sir, I second it.

ശ്രീ. എം. പി. ഗംഗാധരൻ: കേരള വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ബില്ല് 1984 ഇവിടെ അവതരിപ്പിക്കുന്നത് കേരള വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ഓർഡിനൻസ് 1984 നമ്പർ 14/84 ഓർഡിനൻസും അതിനെ തുടർന്ന് അത് വാലിഡേറ്റ് ചെയ്ത 1985-ലെ 66/85 ഓർഡിനൻസ് വരെയുള്ള ഓർഡിനൻസ് റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടിയാണ്. ഈ ബില്ല് അവതരിപ്പിക്കുന്നതിന് ചില പ്രധാന പശ്ചാത്തലമുണ്ട്, മതിയായ കാരണങ്ങളുമുണ്ട്. പഴയ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ശുദ്ധജല വിതരണത്തിലും സംഭരണത്തിലും ഈ പദ്ധതികളുടെ നടത്തിപ്പിലും പ്ലാനിങ്ങിലും ഇൻവെസ്റ്റിഗേഷനിലും എല്ലാ കാര്യങ്ങളിലും വിശദമായും ശ്രദ്ധാപൂർവ്വവും വിപുലമായും ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള ആഗ്രഹമാണ് പ്രധാനമായും ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. ഈ തീരുമാനം എടുക്കുന്നതിനു മുൻപ് ശുദ്ധജലവിതരണം നടത്തിയിരുന്നത് പി.എച്ച്.ഇ.ഡി. ആയിരുന്നു. ആ ഡിപ്പാർട്ട്മെന്റ് അതിന്റെ ചുരുങ്ങിയ ബഡ്ജറ്ററി പൊസിഷൻ വച്ചുകൊണ്ടായിരുന്നു ഇത് നടത്തിയിരുന്നത്. എന്നാൽ ഗ്രാമീണ ശുദ്ധജലവിതരണരംഗത്തും ഒരളവോളം നഗര ശുദ്ധജല വിതരണരംഗത്തും മതിയായ രീതിയിൽ ശുദ്ധജലം വിതരണം നടത്താൻ കഴിഞ്ഞ കാലങ്ങളിൽ സാധിച്ചിരുന്നില്ല.

ഇപ്പോൾ തന്നെ മാഹി, കണ്ണൂർ മുതലായ പ്രദേശങ്ങളിലെ ശുദ്ധജല വിതരണ പദ്ധതികളുടെ അപര്യാപ്തതയെ സംബന്ധിച്ച് ശ്രീ. പി. ഭാസ്ക്കരൻ ഇവിടെ പറഞ്ഞു. മാഹിയിലേയും കണ്ണൂരിലേയും മാത്രമല്ല കേരളത്തിലെ മറ്റ് പല പട്ടണങ്ങളിലേയും സ്ഥിതി ഇതുതന്നെയാണ്. അന്ന് ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജലം എത്തിച്ചു കൊടുക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിയും നടപ്പിൽ ഉണ്ടായിരുന്നില്ല. കാരണം ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം വിപുലമായ സന്നാഹങ്ങളോ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങളോ ഉണ്ടാക്കാൻ സാധിക്കാതെ വരികയും അതിന് സാമ്പത്തികമായി പണം ലഭ്യമാകാതെ വരികയും ചെയ്തിരുന്നതുകൊണ്ട് അത് നടപ്പിൽ വരുത്തുവാൻ ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിരുന്നില്ല. 1972-73-ൽ 1138 ലക്ഷം രൂപയായിരുന്നു ബഡ്ജറ്റിൽ പ്രൊവിഷൻ ഉണ്ടായിരുന്നത്. പതിനൊന്നോ പന്ത്രണ്ടോ കോടി കൊണ്ട് (നോൺപ്ലാൻ അടക്കമുള്ള ബഡ്ജറ്റിൽ) ഈ സംസ്ഥാനത്തിലെ ഗ്രാമീണ ശുദ്ധജലരംഗമോ അർബൻ ശുദ്ധജലവിതരണ പദ്ധതികളോ സീവറേജ് പദ്ധതികളോ നടത്താൻ സാധിക്കാത്ത ഒരു പശ്ചാത്തലമായിരുന്നു അന്ന് ഉണ്ടായിരുന്നത്. മൗലികമായ ഈ പ്രശ്നം പരിഹരിക്കാൻ, കേരളത്തിലെ രണ്ടുകോടി അൻപത്തിനാല് ലക്ഷം വരുന്ന ജനങ്ങൾ, അതും ഗ്രാമപ്രദേശങ്ങളിലെ രണ്ടുകോടി 12 ലക്ഷം വരുന്ന ജനങ്ങൾക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കാനുള്ള നടപടികൾ നടത്താൻ ശ്രദ്ധേയമായ പല നീക്കങ്ങളും ആവശ്യമായി വന്നു. ഇതിനുവേണ്ടിയുള്ള ഒരു ഏജൻസിയെന്ന നിലയിൽ നമ്മെ സഹായിച്ചിരുന്നത് എൽ.ഐ.സി. ആയിരുന്നു. ആ എൽ.ഐ.സി.യും വളരെ ചുരുക്കം സഹായം മാത്രമേ തന്നിട്ടുള്ളൂ. 1985-വരെ–അവർ സഹായിച്ചത് ഗ്രാമീണ ശുദ്ധജല വിതരണത്തിന് അഞ്ചര കോടി രൂപയും നഗര ശുദ്ധജല വിതരണത്തിന് 30 കോടിയോളം രൂപയും മാത്രമാണ്. ഈ കാലഘട്ടത്തിൽ ശുദ്ധ ജലവിതരണരംഗത്തും സാരമായ മാറ്റങ്ങൾ ഉണ്ടായി. വലിയ പണച്ചിലവ് ഓരോ പദ്ധതിക്കും ആവശ്യമാണ്. പഴയകാലങ്ങളിലെ പോലെ ഏതെങ്കിലും പട്ടണങ്ങളിൽ ഓപ്പൺവെൽ കുഴിച്ച് വെള്ളം കൊടുക്കുന്ന ഏർപ്പാടല്ല. അതിന് മതിയായ സോഴ്സും കാണണം. പ്ലാനിംഗും ഇൻവെസ്റ്റിഗേഷനും ഉണ്ടാക്കുകയും വേണം. ജനങ്ങൾക്ക് മതിയായ രീതിയിൽ പദ്ധതികൾക്ക് രൂപം കൊടുക്കണം. ആ സോഴ്സിൽനിന്നും വെള്ളം ലഭിച്ചാൽ ട്രീറ്റ് ചെയ്യണം. അതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് വേണം. ഈ സോഴ്സ് വേറെ എവിടെയെങ്കിലും ആയിരിക്കും, പ്ലാന്റ് മറ്റൊരു സ്ഥലത്തായിരിക്കും. ഹെഡ്വർക്ക്സ് ചിലപ്പോൾ വേറെ ഒരു സ്ഥലത്തായിരിക്കും. ആ രീതിയിൽ അതിന് പ്ലാനിംഗ് ആവശ്യമാണ്. അതിനു ധാരാളം പണം ആവശ്യമായിവന്നു. നമുക്ക് മറ്റ് ഏജൻസികളിൽ നിന്ന് പണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായി വന്നു. എന്നാൽ എൽ. ഐ. സി. വളരെക്കാലമായി ആവശ്യപ്പെട്ടു, നിങ്ങൾ ഓട്ടോണമസ് ബോർഡ് ഉണ്ടാക്കിയില്ലെങ്കിൽ ഞങ്ങൾ ലോൺ തരുന്നത് നിർത്തുമെന്ന്. എന്തിനാണ് ബോർഡ് ഉണ്ടാക്കണമെന്ന് അവർ ആവശ്യപ്പെട്ടത്.

1970-ൽ ശ്രീ. അച്യുതമേനോന്റെ മന്ത്രിസഭ ഉണ്ടായിരുന്ന കാലത്ത് ഒരു ഓട്ടോണമസ് ബോർഡ് ഉണ്ടാക്കാൻ നോക്കി, ഒരു ക്യാബിനറ്റ് സബ്കമ്മിറ്റിയെ ഉണ്ടാക്കുകയും ചെയ്തു. സബ്കമ്മിറ്റിയുടെ ആവശ്യപ്രകാരം എൽ. ഐ. സി. യുമായിട്ട് ചർച്ചചെയ്തു. അവിടെവെച്ച് എൽ. ഐ. സി. പറഞ്ഞത്, Selection of schemes, raising of funds and keeping of accounts thereof, execution of works, collection of water rates and taxes, repayment of loan..... ഈ നാലു കാര്യങ്ങളെ

സംബന്ധിച്ച് സമഗ്രമായ രീതിയിൽ ചില തീരുമാനങ്ങൾ ഉണ്ടാക്കണം, നടപടികൾ ഉൾക്കൊള്ളണം അതിന് ഒരു ഓട്ടോണമസ് ബോർഡിനേ സാധിക്കുകയുള്ളൂ എന്നു പറഞ്ഞു. കൊമേഴ്സ്യൽ ലവലിൽ പണം ചെലവാക്കുന്നത് റവന്യൂ കളക്ഷൻ വാങ്ങിച്ച് സ്കീം വയബിളാക്കണം, ഇക്കണോമിക്കൽ ആക്കുകയും വേണം. ജനങ്ങൾക്ക് ഇത് ഉപകാരപ്രദമാക്കുന്നതോടുകൂടി ഇത് നിലനിൽക്കത്തക്ക രീതിയിൽ ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കുകയും വേണം. അതിന് ഒരു ഓട്ടോണമസ് ബോർഡ് വേണമെന്ന് എൽ. ഐ. സി. ആവശ്യപ്പെടുകയുണ്ടായി.

ശ്രീ. എ. വി. താമരാക്ഷൻ: ഇവിടെ ഇപ്പോൾ അങ്ങ് പറയുന്നത് എൽ. ഐ. സി. യിൽ നിന്ന് കൂടുതൽ സാമ്പത്തിക സഹായം കിട്ടുന്നതിന് ഒരു അതോറിറ്റി വേണമെന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ 1984-85-ലും, 1985-86-ലും എൽ. ഐ. സി.യിൽ നിന്ന് കേരള വാട്ടർ ആന്റ് വെയ്സ്റ്റ് വാട്ടർ അതോറിറ്റി വരുന്നതിന് മുൻപത്തേക്കാൾ കൂടുതലായി എന്തെങ്കിലും കിട്ടിയിട്ടുണ്ടോ? 1984 ജൂൺ മാസത്തിൽ തന്നെ എൽ. ഐ. സി.യിൽ നിന്ന് വാട്ടർ ആന്റ് വെയ്സ്റ്റ് വാട്ടർ അതോറിറ്റി ചെയർമാന് അയച്ച ഒരു കത്തിൽ The procedure for getting sanction from LIC for loan for urban water supply and sewerage scheme is the same as before. There is no change in the loan application for new and continuing water supply and sewerage schemes.....എന്നാണവർ പറഞ്ഞിരിക്കുന്നത്.

ശ്രീ. എം. പി. ഗംഗാധരൻ: സർ, അതാണ് ഞാൻ പറഞ്ഞുവരുന്നത്. എൽ. ഐ. സി.യിൽ നിന്ന് ലോൺ തന്നിരുന്നു. അന്ന് റൂറൽ ഡവലപ്പ്മെന്റ് ബോർഡ് അത് ചെലവാക്കുകയും മടക്കി അടക്കുകയും ചെയ്തിരുന്നു. പക്ഷേ എൽ. ഐ. സി. കുറച്ച് കാലം കഴിഞ്ഞപ്പോൾ പറഞ്ഞു, നിങ്ങൾ ബോർഡ് ഉണ്ടാക്കിയില്ലെങ്കിൽ ഞങ്ങൾ ലോൺ തരികയില്ല എന്ന്. അത് ഒരു കണ്ടീഷൻ ആയിരുന്നു. 1984-ൽ എൽ ഐ. സി. യിൽനിന്ന് തന്നു. അതിനു കാരണം ഇവിടെ ബോർഡ് ഉണ്ടാക്കുന്നുവെന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്തിയതുകൊണ്ടാണ്. ഞാൻ വേണമെങ്കിൽ മെമ്പറുടെ സംശയം വ്യക്തമാക്കാൻ എൽ. ഐ. സി.യുടെ കത്ത് വായിക്കാം. We may state that it will not be possible for us to finance any new water supply and sewerage scheme unless state level statutory water supply and sewerage board is set up to take care of both urban water supply and sewerage schemes and rural piped water supply scheme.

(The Executive Director, Investment) This is written on 18-8-1983.

സർ, എന്റെ മുൻഗാമി അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ എൽ. ഐ. സി.യുമായി ഡിറ കസ് ചെയ്തിരുന്നു. ആ സമയത്തും എൽ. ഐ. സി. നിർബന്ധമായും പറഞ്ഞു ബോർഡ് ഉണ്ടാക്കണമെന്ന്. ബോർഡ് ഉണ്ടാക്കാൻ നടപടി സ്വീകരിക്കാൻ പോകുന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നു അന്നു പറഞ്ഞു. അതിനുശേഷം പിന്നേയും നടപടി സ്വീകരിച്ചില്ല. ബോർഡ് ഉണ്ടാക്കിയില്ലെങ്കിൽ ഇനി പണം തരില്ലെന്ന് നിർബന്ധമായി അവർ എഴുതി. അപ്പോൾ ഞങ്ങൾ വീണ്ടും ഒരു ഓർഡിനൻസ് മുഖേന 1984-ൽ ബോർഡ് ഉണ്ടാക്കാം എന്നു പറഞ്ഞു. ഇതിനു പുറമെ പാർലിമെന്റ് എസ്റ്റിമേറ്റ് കമ്മിറ്റിയുടെ 38-ാം റിപ്പോർട്ടിലും എല്ലാ സ്ംസ്ഥാനങ്ങളും സ്വയംഭരണാവകാശമുള്ള ഒരു സ്റ്റാറ്റ്യൂട്ടറി വാട്ടർ സപ്ലൈ ബോർഡ് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പല സംസ്ഥാനങ്ങളും അത് രൂപീകരിച്ചു . കർണ്ണാടക, മദിരാശി, മഹാരാഷ്ട്ര, പഞ്ചാബ്, യു.പി. എന്നീ സംസ്ഥാനങ്ങളിൽ ഈ ബോർഡ് രൂപീകരിച്ചു. ഓരോ സംസ്ഥാനത്തിലും അവിടത്തെ ആവശ്യങ്ങൾക്കനുസരിച്ചു ചില്ലറ വ്യത്യാസങ്ങൾ ഉണ്ട്. ഈ ഗവൺമെന്റ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ഞാൻ തന്നെ പല സംസ്ഥാനങ്ങളിലും പോയി അവിടുത്തെ ബോർഡിന്റെ പ്രവർത്തനങ്ങളും കോൺസ്റ്റിറ്റ്യൂഷനും പഠിക്കുകയുണ്ടായി. ചില സംസ്ഥാനങ്ങളിൽ അർബൻ ബോർഡെന്നും റൂറൽ ബോർഡെന്നും രണ്ട് ബോർഡുകളുണ്ട്. ചില സ്ഥലങ്ങളിൽ ഒന്നിച്ച് ഒറ്റ ബോർഡാണ്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് ഒരു സ്വയംഭരണ അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. പാർലമെന്റിന്റെ എസ്റ്റിമേറ്റ്സ് കമ്മിറ്റി മാത്രമല്ല കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയും ഇവിടെ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിന് ഒരു സ്വയംഭരണ ബോർഡ് ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടു. അതുപോലെത്തന്നെ എൽ. ഐ.സി.യും, വർക്സ് ആൻഡ് ഹൗസിംഗ് മിനിസ്ട്രിയും ഇങ്ങനെയൊരു നിർദ്ദേശം തന്നിരുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, കേരളത്തിൽ ഇക്കാര്യത്തിൽ എത്ര സംഖ്യ ചെലവഴിക്കുന്നു? എൽ. ഐ. സി. തരാമെന്ന് പറഞ്ഞ സംഖ്യ തന്നില്ലെന്നല്ലാതെ ബോർഡ് ഉണ്ടാക്കണമെന്ന് അവർ ആവശ്യപ്പെട്ടോ?

മി. സ്പീക്കർ: എല്ലാ ചർച്ചയും ഇപ്പോൾത്തന്നെ വേണോ അതിനു പിന്നീട് സമയം ഉണ്ടല്ലോ.

ശ്രീ. എം. പി. ഗംഗാധരൻ: സർ, നമ്മുടെ സംസ്ഥാനത്തെ ഗ്രാമീണ ശുദ്ധജല വിതരണത്തിന്റെ സ്ഥിതി എന്താണ്? പലതവണ ഈ നിയമസഭയിൽ ഞാനത് സൂചിപ്പിച്ചിട്ടുണ്ട്. ഇവിടെ 1164 പ്രശ്ന പഞ്ചായത്തുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഈ ഗവൺമെന്റ് വരുന്നതുവരെ 499 പ്രശ്ന പഞ്ചായത്തുകളിൽ വളരെ ഭാഗികമായി മാത്രമേ ശുദ്ധജലം എത്തിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. പട്ടണ പ്രദേശങ്ങളിൽ 70 ശതമാനവും ഇതു പരിഹരിക്കുന്നതിന് സമഗ്രമായ ഒരു വാട്ടർ സപ്ലൈ സ്കീമിന് രൂപം കൊടുക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്.

ശ്രീ. ബേബിജോൺ: സർ, പ്രശ്ന പഞ്ചായത്തുകളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു മാനദണ്ഡം നിശ്ചയിച്ച് അതനുസരിച്ച് പഞ്ചവത്സര പദ്ധതികളിൽ പണം അലോട്ട് ചെയ്യുകയല്ലേ ചെയ്തത്.

ശ്രീ. എം. പി. ഗംഗാധരൻ: സർ, കേന്ദ്ര ഗവൺമെന്റിൽനിന്നു കിട്ടുന്ന പണം എത്രയാണെന്ന് ശ്രീ. ബേബിജോണിന് അറിയാമല്ലോ. അതുമാത്രം വെച്ചു മുന്നോട്ടു പോയാൽ

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജലവിതരണ രംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കാൻ സാദ്ധ്യമല്ല. പദ്ധതികൾ പൂർത്തീകരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് മറ്റ് ഏജൻസികളിൽനിന്നും പണം ലഭ്യമാക്കാൻ ശ്രമിക്കുന്നത്. അതിൽ പ്രധാന പങ്കുവഹിക്കുന്നത് എൽ. ഐ. സി. ആണ്. ആ എൽ. ഐ. സി. യുടെ നിർദ്ദേശമാണ് ഇവിടെ ഒരു ബോർഡ് ഉണ്ടാക്കണമെന്ന്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, പ്രോബ്ലം വില്ലേജുകളെ സംബന്ധിച്ചിടത്തോളം ഓരോ പദ്ധതിയിലും കൊടുക്കുന്ന പ്രയോറിറ്റിയുടേയും സംഖ്യയുടേയും അടിസ്ഥാനത്തിലല്ലേ എത്ര എന്നു തീരുമാനിച്ചത്? 1-ാം പഞ്ചവത്സര പദ്ധതിയിൽ അനുവദിച്ചത് 49 കോടി രൂപയായിരുന്നു. 6-ാം പഞ്ചവത്സരപദ്ധതി ആയപ്പോൾ അതു എത്രയോ ഇരട്ടിയായി. കാരണം 6-ാം പഞ്ചവത്സരപദ്ധതിയിൽ, പ്രോബ്ലം വില്ലേജുകൾ മുഴുവൻ ഇരുപതിനപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നതുകൊണ്ട് അതിന് പ്രത്യേക പ്രയോറിറ്റി കിട്ടാൻ ഇടയായില്ലേ?

ശ്രീ. എം. പി. ഗംഗാധരൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഉദാരമായ അലോട്ട്മെന്റ് മാത്രം കൊണ്ട് കേരളത്തിലെ ശുദ്ധജല പ്രശ്നം മുഴുവൻ പരിഹരിക്കാൻ കഴിയുമെന്നാണോ ശ്രീ. ഷൺമുഖദാസ് പറയുന്നത്. കേന്ദ്ര ഗവൺമെന്റ് പരമാവധി തരുന്നു. അതുകൊണ്ട് മാത്രം നമ്മുടെ സംസ്ഥാനത്തെ അർബൻ ആന്റ് റൂറൽ വാട്ടർ സപ്ലൈയുടെ മുഴവൻ പ്രശ്നവും പരിഹരിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അതുമാത്രം നോക്കിനിൽക്കരുത്. വേറേയും സാമ്പത്തിക മാർഗ്ഗങ്ങൾ കണ്ടെത്തി കൂടുതൽ പദ്ധതികൾക്ക് രൂപം കൊടുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണ്. അല്ലാതെ കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും സാമ്പത്തിക സ്ഥിതിയെമാത്രം ആശ്രയിച്ചുകൊണ്ട് ശുദ്ധജല വിതരണം 100 ശതമാനം നടപ്പാക്കാൻ സാധിക്കുകയില്ല. ഈ രംഗത്ത് മാറ്റങ്ങൾ വരുത്തണമെന്ന് ആഗ്രഹിച്ചതു കൊണ്ടാണ് 1977 മുതൽ ശ്രീ. അച്യുതമേനോന്റേയും പി. കെ. വി.യുടേയും എ. കെ. ആന്റണിയുടേയും കാലത്ത് ഇതുസംബന്ധമായ തീരുമാനങ്ങൾ എടുത്തത്. പക്ഷേ ആ തീരുമാനങ്ങൾ നടപ്പിൽവരുത്താൻ സാധിച്ചില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനെപ്പറ്റി കൂടുതലായി ആലോചിച്ചു. കാരണം ഇത് ജനങ്ങളുടെ മൗലികമായ ഒരു ആവശ്യമാണ്. അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ആവിഷ്കരിച്ച ഇരുപതിന പരിപാടിയിൽ പെടുത്തിയിട്ടുള്ള ഒരു പ്രധാനമായ ഈ പദ്ധതി നടപ്പിലാക്കുന്നതിനു ഒരു ബോർഡ് ആവശ്യമാണെന്ന് തീരുമാനിക്കുകയും ഒരു ബോർഡ് രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു. മാത്രവുമല്ല International Drinking Water and Sanitation Decade ആണിത്. ഇൻഡ്യയും ഇതിലൊരു designate ആണ്. 1980 മുതൽ 1990 വരെയുള്ള ഈ ഡീക്കേഡിൽ എല്ലാപേർക്കും ശുദ്ധജലം കൊടുക്കണമെന്നുള്ളതാണ് നിശ്ചയം. അത് നടപ്പിലാക്കുന്നതിനു പല രാജ്യങ്ങളും bilateral ആയി നമ്മളെ സഹായിക്കാൻ മുന്നോട്ടു വന്നിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ നെതർലാന്റ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങളുടെ സഹായം സ്വീകരിച്ചുകൊണ്ട് ഈ പദ്ധതികൾക്ക് രൂപം കൊടുക്കുവാൻ ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, വേൾഡ് ബാങ്ക് തുടങ്ങിയ ഇന്റർനാഷണൽ സ്ഥാപനങ്ങൾ നമ്മളെ സഹായിക്കാൻ മുന്നോട്ടു വന്നിരിക്കുന്നു. ഒരു ബോർഡ് ഉണ്ടാകണമെന്നതിനെ സംബന്ധിച്ച് അവരും ആവശ്യപ്പെട്ടു. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ, പ്ലാനിങ്, അഡ്മിനിസ്ട്രേഷൻ, എക്സിക്യൂഷൻ, അതുപോലെത്തന്നെ ഇതിന്റെ റവന്യൂ, ഫൈനാൻഷ്യൽ പൊസിഷൻ എല്ലാംതന്നെ കണക്കിലെടുത്തുകൊണ്ടു ഒരു ഭരണ സംവിധാനം ഉണ്ടാകണം, അതു ണ്ടാക്കുന്നത് നന്നായിരിക്കും എന്ന് അവർ അഭിപ്രായപ്പെട്ടു. അതുകൊണ്ട് നമ്മൾ അവരെയും അറിയിച്ചുകൊണ്ട് ഒരു ബോർഡുണ്ടാക്കുന്നു. മാത്രമല്ല ഓർഡിനൻസ് ആയപ്പോൾ ഓർഡിനൻസല്ല ആക്ട് തന്നെ വേണമെന്നുവരെ വേൾഡ് ബാങ്ക് നിർബ്ബന്ധിക്കുകയുണ്ടായി. അവരുടെ സ്ഥാപനങ്ങൾ ഇത് ആവശ്യപ്പെടുകയും അവർക്ക് ഫൈനാൻസ് ചെയ്യാൻ ഒരു അഷ്വറൻസ് എന്നുള്ള നിലയിൽ ഒരു ബോർഡുണ്ടായേ തീരൂ എന്ന് നിർബന്ധിക്കുകയും ചെയ്തു. അങ്ങനെയാണ് ഈ ബോർഡുണ്ടാക്കാൻ, അതോറിറ്റിയുണ്ടാക്കാൻ തീരുമാനമെടുത്തത്. മാത്രമല്ല പഴയ കാലത്തെ പി. എച്ച്. ഇ. ഡി. യിലെ ഉദ്യോഗസ്ഥന്മാർ അവരുടെ വ്യത്യസ്ത യൂണിയനുകൾ എല്ലാവരുംതന്നെ ഒരു ബോർഡുണ്ടാക്കുന്നത് സ്വാഗതാർഹമാണെന്ന് അറിയിക്കുകയും ചെയ്തു. ആർക്കും ആക്ഷേപം ഉണ്ടായിരുന്നില്ല. പഴയകാല ഗവൺമെന്റുകൾക്കും ആക്ഷേപം ഉണ്ടായിരുന്നില്ല. അങ്ങനെ തുടങ്ങിവച്ചതായിരുന്നു. അതു പൂർത്തീകരിക്കാൻ സാധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ Ordinance No. 14 of 1984. അത് റീപ്ലെയ്സ് ചെയ്യുന്നതിന്, നിലവിലുള്ളത് ബലമായി നിൽക്കുന്നതിനും വേണ്ടി വേറേയും ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. അങ്ങനെ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ പ്രധാനമായ ഉദ്ദേശലക്ഷ്യങ്ങളെല്ലാം ഞാൻ വിവരിച്ചു കഴിഞ്ഞു.

2. ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപഖണ്ഡമനുസരിച്ചുള്ള പ്രമേയം

മി. സ്പീക്കർ: ശ്രീ. ആർ. എസ്. ഉണ്ണി, അങ്ങ് നോട്ടീസ് നൽകിയിട്ടുള്ള ഭരണഘടനയുടെ 213-ാം അനുച്ഛേദം 2-ാം ഖണ്ഡം (ക) ഉപഖണ്ഡമനുസരിച്ചുള്ള 1985-ലെ 66-ാം ഓർഡിനൻസായ 1985-ലെ കേരള ജലവും മലിനജലവും ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri. R. S. Unni: Sir, I move that "This House resolves to disapprove the Kerala Water and Waste Water Ordinance, 1985 (Ordinance No. 66 of 1985)".

സർ, 1984 ഏപ്രിൽ ഒന്നാം തീയതിയാണ് ഈ ബോർഡ് സ്ഥാപിതമാകുന്നത്. ഏപ്രിൽ ഒന്നാം തീയതി സാർവ്വദേശീയ ഫൂൾസ് ഡേയാണ്. ആ ദിവസം തന്നെയാണ് ഒരു ഓർഡിനൻസ്മൂലം ഈ ബോർഡ് സ്ഥാപിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി.

LIBRARY ARCHIVES Kerala Legislative Assembly